# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4429** **13.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി-പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട (മത്സ്യത്തൊഴിലാളി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം യഥാസമയം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട(മത്സ്യത്തൊഴിലാളി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണത്തിലെ കടിശ്ശിക തീർക്കുന്നതിനായി **2017-18, 2018-19** വർഷങ്ങളിലായി പദ്ധതിയിനത്തിൽ **300** കോടി രൂപ അധിക ധനസഹായം അനുവദിക്കുകയും കടിശ്ശിക തുക പൂർണ്ണമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | അതത് അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റൈപൻഡ് ഓരോ മാസവും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ഇ-ഗ്രാന്റ്സ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**